# INDIAN SCHOOL MUSCAT
# DEPARTMENT OF MALAYALAM
## WORKSHEET
## CLASS IX

## പാഠം: വെള്ളച്ചാട്ടത്തിൻെറ ഇടിമുഴക്കം

### പ്രയോഗം മാറ്റുക

1). ഹിപ്പോകൾ നമ്മെ വധിക്കുന്നത് വെറും വിരസതകൊണ്ടു മാത്രമാണ്.

2). ഡേവിഡ് ലിവിങ്സ്റ്റൺ വിക്ടോറിയ വെള്ളച്ചാട്ടം കണ്ടുപിടിച്ചു എന്ന് പറയുന്നത് എന്തൊരു അസംബന്ധം ആണ്.

### വിധിവാക്യത്തെ അർത്ഥവ്യത്യാസം കൂടാതെ നിഷേധവാക്യമാക്കി മാറ്റുക

1). വെള്ളച്ചാട്ടത്തെ പൊതിഞ്ഞുകൊണ്ട് ഉയരുകയും താഴുകയും ചെയ്യുന്ന ജലധൂളി കളുടെ തിരശ്ശീല ജലത്തിൻറ ഗതി താഴേക്കോ മേലേക്കോ എന്ന മതിഭ്രമം നമ്മിൽ ഉണ്ടാക്കുന്നു.

2). വിക്ടോറിയ വെള്ളച്ചാട്ടത്തെ പറ്റി ഞാൻ മനസ്സിലാക്കിയത് നാമതിനെ എത്രനേരം അഭിമുഖീകരിച്ചാലും അത് നമുക്ക് പിടി തരുന്നില്ല എന്നതാണ്.

### അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ച് എഴുതുക

1). ഗർത്തത്തിൻറ അടിത്തട്ടിൽ ജലപാതം തല്ലി ചിതറുന്ന മിനുത്ത കൃഷ്ണശില കളിലേക്ക് നോക്കി നിൽക്കുമ്പോൾ എന്നെ ഭയാനകമായ എന്തോ ഒന്ന് പിടിച്ചുകുലുക്കി.

2). വെള്ളച്ചാട്ടത്തിന് കഷ്ടിച്ച് 500 മീറ്റർ മുകളിൽ ഞാൻ എൻെറ ഗൈഡുകളോടൊപ്പം നദിയിൽ ഇറങ്ങി കുളിച്ചു

### വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക

1). പച്ചക്കറിയും കഴിച്ച് പുറത്തേക്ക് തള്ളി നിൽക്കുന്ന രണ്ട് തുറിച്ച കണ്ണുകൾ വെള്ളത്തിനുമുകളിൽ കാണിച്ച് മുങ്ങിക്കിടക്കുമ്പോൾ ആർക്കാണ് ലോകത്തോട് വെറുപ്പ് തോന്നാതിരിക്കുക.

2). ഡേവിഡ് ലിവിങ്സ്റ്റൺ ആഫ്രിക്കയിലൂടെ 20 വർഷം സാഹസിക സഞ്ചാരിയായി മിഷണറിയായി അലഞ്ഞുനടന്നു.

### വാക്യത്തിൽ പ്രയോഗിക്കുക

1). ദൃഷ്ടി പതിപ്പിക്കുക.

2). കിടിലം കൊള്ളിക്കുക.